# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 485

## 29.11.2018 - ലെ മറുപടിയ്ക്ക്

## ട്രഷറി നിക്ഷേപ പലിശ നിരക്ക്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | ജീവനക്കാരുടെയും പെൻഷൻകാരുടെയും വേതന വിതരണം ട്രഷറി വഴിയാക്കുന്നതിന്റെ ഭാഗമായി സേവിങ്സ് നിക്ഷേപത്തിനു നാലര / അഞ്ച് ശതമാനം പലിശ നൽകണമെന്ന ശിപാർശയുണ്ടോ ; വ്യകതമാക്കാമോ ; | അത്തരമൊരു ശിപാർശ ഇല്ല. |
| (ബി) | ഉണ്ടെങ്കിൽ ആരുടെതാണ് ശിപാർശയെന്നും എപ്പോഴാണ് ശിപാർശ ലഭിച്ചതെന്നും വ്യക്തമാക്കാമോ ; | മറുപടി ഉദിക്കുന്നില്ല. |
| (സി) | ശുപാർശ നിലവിലിരിക്കെ ട്രഷറി സേവിങ്സ് അക്കൗണ്ട് നിക്ഷേപത്തിന്റെ പലിശ നിരക്ക് നാലരയിൽ നിന്ന് നാലു ശതമാനമാക്കി വെട്ടിക്കുറയ്ക്കാനുള്ള കാരണം വ്യക്തമാക്കാമോ ; | മറ്റു ദേശസാൽകൃത ബാങ്കുകൾ നൽകുന്ന പലിശ നിരക്കുകളെ അപേക്ഷിച്ച് നിലവിലുള്ള ട്രഷറി സേവിങ്സ് ബാങ്ക് പലിശ നിരക്കുകൾ വളരെ കൂടുതലാണെന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് 30.7.2018 - ലെ സ.ഉ.(പി) നമ്പർ.117/2018/ധന ഉത്തരവു പ്രകാരം പലിശ നിരക്കിൽ കുറവു വരുത്തിയത്. |
| (ഡി) | ട്രഷറി നിക്ഷേപം വർദ്ധിപ്പിക്കാൻ പലിശ നിരക്ക് ഉയർത്തുമെന്ന പ്രഖ്യാപനത്തിനു വിരുദ്ധമായി എടുത്ത തീരുമാനം പെൻഷൻകാർക്ക് ദോഷകരമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ